# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 73 08.01.2014- ൽ മറുപടിയ്ക്ക്

## അവയവദാനം

| ചോദ്യം | | മറുപടി |
|---|---|---|
| ഡോ. എൻ . ജയരാജ്<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ<br>" പി.സി. ജോർജ്ജ്<br>" റോഷി അഗസ്റ്റിൻ. | | **ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനായി ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനങ്ങൾ വ്യക്തമാക്കാമോ; | (എ) | 1994 ലെ പാർലമെന്റ് പാസ്സാക്കിയ മനുഷ്യാവയവങ്ങളുടെ മാറ്റിവയ്ക്കൽ ആക്റ്റിന് 2010 ൽ വരുത്തിയ ഭേദഗതി പ്രകാരം മസ്തിഷ്കമരണം സംഭവിച്ചവരിൽ നിന്നുള്ള അവയവദാനത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ചട്ടങ്ങളും നിബന്ധനകളും രൂപീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് മസ്തിഷ്ക മരണം സംഭവിച്ചവരുടെ അവയവങ്ങൾ മാറ്റിവയ്ക്കുന്നതിനായുള്ള നിബന്ധനകൾ സംബന്ധിച്ച് കേരള സർക്കാർ 2012 ൽ അഞ്ച് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് അവയവദാന നടപടിക്രമങ്ങൾ ഏകോപിപ്പിക്കുന്നതിനായി "മൃതസഞ്ജീവനി" എന്ന പേരിലാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഈ പദ്ധതിയിൻകീഴിൽ മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നതിനുള്ള സമിതികൾ പ്രാദേശിക തലത്തിൽ രൂപീകരിച്ചിട്ടുണ്ട്. അവയവങ്ങൾ വേണ്ടുന്നവർക്ക് ലഭ്യമാക്കുന്നതിന് സുതാര്യമായ 'KNOS' എന്ന വെബ്സൈറ്റ് ലഭ്യമാണ്. ഈ ശൃംഖല തമിഴ് നാട് സർക്കാരിന്റെ സമാന ശൃംഖലയുമായും ബന്ധിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം സംസ്ഥാന തലത്തിൽ 108 അവയവങ്ങൾ മാറ്റി വയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) അവയവദാനം നടപ്പാക്കുമ്പോഴുണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ജീവിച്ചിരിക്കുമ്പോൾ ദാനം ചെയ്യാവുന്ന അവയവങ്ങളുടെ എണ്ണം കുറവാണ്. അതായത് വൃക്ക, കരളിന്റെ ഒരു ഭാഗം എന്നിവ മാത്രമാണ് ഇത്തരത്തിൽ ദാനം ചെയ്യാവുന്നവ. മരണാനന്തര ദാനംമൂലമുള്ള അവയവങ്ങളുടെ ലഭ്യത ആവശ്യകതയുമായി തട്ടിച്ച് നോക്കുമ്പോൾ കുറവാണ്. ബോധവൽക്കരണത്തിലൂടെ |

| | | |
|---|---|---|
| • | | മരണാനന്തര അവയവങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കാൻ കഴിയും. അതിനായുള്ള ശ്രമങ്ങൾ നടന്നുവരുന്നു. |
| (സി) അവയവദാനത്തിനുശേഷം മൃതദേഹം ബന്ധുക്കൾക്ക് വിട്ടുനൽകുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ? | (സി) | മുൻപുണ്ടായിരുന്ന നിയമപ്രകാരം അപകടം സംഭവിച്ച സ്ഥലത്തെ ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസർക്കായിരുന്നു ചുമതല. എന്നാൽ പ്രസ്തുത നിയമത്തിൽ നേരിയ വ്യത്യാസം വരുത്തുകയും ടി ചുമതല ആശുപത്രി കൂടുത്തുള്ള പോലീസ് ഇൻസ്പെക്ടർക്ക് നൽകുകയും ചെയ്യതിലൂടെ മൃതദേഹം വിട്ടു നൽകുന്നതിനുള്ള കാലതാമസം ഒരു പരിധിവരെ ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ രാത്രികാല പോസ്റ്റ്മോർട്ടത്തിനുള്ള സൗകര്യം എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ലഭ്യമാക്കാൻ കഴിഞ്ഞാൽ കാലതാമസം ഒഴിവാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ